# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 687** 28.02.2017-ൽ **മറുപടിക്ക്**

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 22.02.2017 വരെ 966 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനായി വൈദ്യുത ലൈൻ വലിക്കുന്ന പ്രവർത്തി പൂർത്തീകരണത്തോടടുക്കുന്നു. നിലവിൽ (22.02.2017 വരെ) 664 കണക്ഷനുകൾ നൽകിയിട്ടുണ്ട്. വയറിങ് ചെയ്യാൻ സമ്പത്തി കമായി പ്രാപ്തി ഇല്ലാത്തവരുടെ വീടുകൾ കെഎസ്.ഇ.ബി ജീവനക്കാരുടെയും സന്നദ്ധ സംഘടനകളുടെയും സഹായ ത്തോടു കൂടി വയറിങ് ചെയ്തുവരുന്നു. കൂടാതെ ഇതിനായി തദ്ദേശ സ്വയംഭരണ, പട്ടിക ജാതി / പട്ടിക വർഗ്ഗ വകുപ്പുകളുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട് . |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എന്ത് തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇത് എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) | പെരിന്തൽമണ്ണ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 1,31,40,000/- രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ 50 ശതമാനം തുക |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി യും, 30,00,000/- രൂപ പെരിന്തൽമണ്ണ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ബാക്കി തുക തദ്ദേശ സ്വയംഭരണ, പട്ടിക ജാതി / പട്ടിക വർഗ്ഗ വകുപ്പുകളുടെ ഫണ്ടിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് |
| (സി) | ആസ്തി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ള തുകയ്ക്ക് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; ഇതിന്റെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**